# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 2026

Holy Family LP School

Kurumpanadom

# ഉള്ളടക്കം


* ആമുഖം
* അടിസ്ഥാനവിവരങ്ങൾ
* വിദ്യാലയ ചരിത്രം
* പൊതുലക്ഷ്യങ്ങൾ
* മികവുകൾ
* കാഴ്ചപ്പാട്
* ക്ലാസ്തല പഠനപ്രവർത്തനങ്ങളുടെ ആസൂത്രണങ്ങൾ
* ഉപസംഹാരം

# ആമുഖം

കുട്ടികളുടെ പുരോഗതിയിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് അനിർവചനീയമാണ്. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ., പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. ജൈവസമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. ഒരു വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ സജീവമായ രീതിയിലുള്ള ആസൂത്രണമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ സാധ്യമായിരിക്കുന്നത്.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഹോളി ഫാമിലി എൽ. പി. എസ് കുറുമ്പനാടം |
| വിദ്യാഭ്യാസ ഉപജില്ല | : | ചങ്ങനാശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| റവന്യു ജില്ല | : | കോട്ടയം |
| വർഷം | : | 2025 |
| സ്ഥാപിതം | : | 1930 |
| വിദ്യാലയവിഭാഗം | : | എയ്ഡഡ്, പൊതുവിദ്യാലയം |
| മാനേജ്മെന്റ് | : | കോർപ്പറേറ്റ് മാനേജ്മെന്റ് ചങ്ങനാശ്ശേരി |
| ലൊക്കേഷൻ | : | പുളിയാംകുന്ന് കുറുമ്പനാടം |
| സ്കൂൾ കോഡ് | : | 33347 |
| സ്കൂൾ. അഡ്രസ് | : | കുറുമ്പനാടം പി. ഒ ചങ്ങനാശ്ശേരി 686536 |
| ഫോൺ നമ്പർ | : | 0481 - 2471098 |
| ഇ. മെയിൽ ഐ ഡി | : | holyfamilylps 1960 @gmail.com |
| പഞ്ചായത്ത് | : | മാടപ്പള്ളി |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| അർബൻ / റൂറൽ | : | റൂറൽ |
| ഹെഡ്മിസ്ട്രസ് | : | സുജാമോൾ മാത്യു |
| മൊബൈൽ നമ്പർ | : | 9562568194 |

# സ്കൂൾ ചരിത്രം

ഹോളി ഫാമിലി എൽ.പി സ്കൂൾ കുറുമ്പനാടം മാടപ്പള്ളി പഞ്ചായത്തിൽ 5-ാം വാർഡിൽ പുളിയാംകുന്ന് പ്രദേശത്ത് A.D 1930 ൽ സ്ഥാപിതമായി. ചങ്ങനാശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പിതാവ് ഉൾപ്പെടെ അനേകം പ്രഗത്ഭരും പ്രശസ്തരുമായ വ്യക്തിത്വങ്ങൾക്ക് ഈ കലാലയം ജൻമം നൽകിയിട്ടുണ്ട്. ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധികാരത്തിൽപ്പെട്ട എയ്ഡഡ് സ്കൂളാണിത്. പ്രീപ്രൈമറിയിൽ

പ്രൈമറിയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 65 കുട്ടികൾ ഇവിടെ പഠിക്കുന്നു. 92 കുട്ടികൾ അധ്യയനം നടത്തുന്ന ഈ സ്കൂൾ അറിവിനും അവബോധത്തിനും സ്വഭാവരൂപീകരണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് വിഷയാധിഷ്ഠിതമായി മൂല്യബോധം ഉറപ്പിക്കുന്നതിനും സഹായിക്കുന്ന പഠനപ്രവർത്തനങ്ങൾ നടത്തിവരുന്ന സ്ഥാപനമാണിത്. പ്രധാനാധ്യാപിക ഉൾപ്പെടെ 4 സ്ഥിര അധ്യാപകർ ഇവിടെ ജോലിചെയ്യുന്നു. കൂടാതെ 3 അധ്യാപകരും ഒരു Cook ഉം ഒരു സഹായിയും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## പരിമിതികൾ

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ കുട്ടികളാണ് ഭൂരിഭാഗവും ഇപ്പോൾ ഈ സ്കൂളിൽ പഠിക്കുന്നത്. അനാരോഗ്യകരമായ കുടുംബാന്തരീക്ഷത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് വീട്ടിൽ നിന്നും ലഭിക്കുന്ന പഠനപിന്തുണ വളരെ കുറവാണ്. സ്ഥലപരിമിതിമൂലം കായികരംഗത്ത് കുട്ടികൾക്ക് പരിശീലനം നൽകാൻ ബുദ്ധിമുട്ട് നേരിടുന്നു.

## പൊതുലക്ഷ്യങ്ങൾ

- പഠനമികവ് കൈവരുത്തുന്നതിനായി ക്ലാസ്തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കുട്ടികളുടെ സഭാകമ്പം അകറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക
- കുട്ടികളുടെ നിലവാരമനുസരിച്ച് ലഘുപരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനുള്ള കഴിവ് കുട്ടികളിലുണ്ടാക്കുക.
- പ്രകൃതിയെ അറിയുക. ജൈവകൃഷി നടത്തുക. ജൈവ വൈവിധ്യ ഉദ്യ
- തൊഴിലിന്റെ മഹാത്മ്യം ബോധ്യപ്പെടുത്തുന്നതിന് ഫീൽഡ്ട്രിപ്പ് നടത്തുക.
- ഔഷധസസ്യങ്ങളെ കുറിച്ച് അറിവ് നേടുന്നതിനും അവ ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും ഔഷധസസ്യങ്ങൾ നട്ടുവളർത്തുക.
- കലാപരിശീലനം, കായിക പരിശീലനം
- ഭവനസന്ദർശനം

# മികവുകൾ

സബ് ജില്ലാ കലാമത്സരങ്ങളിൽ

- നാടോടിനൃത്തം - B grade
- മാപ്പിളപ്പാട്ട് - A grade
- അഭിനയഗാനം ഇംഗ്ലീഷ് - B grade
- അഭിനയഗാനം മലയാളം - A grade
- സംഘനൃത്തം - A grade
- അറബി പദ്യം ചൊല്ലൽ - A grade
- ഇംഗ്ലീഷ് പദ്യം ചൊല്ലൽ - C grade

സബ് ജില്ലാ ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ

- പേപ്പർ ക്രാഫ്റ്റ് - IInd A grade
- വേസ്റ്റ് മെറ്റീരിയൽസ് - IInd A grade
- ഫേബ്രിക് പെയിന്റിംഗ് - A grade
- വെജിറ്റബിൾ പ്രിന്റിംഗ് - A grade
- സാമൂഹ്യശാസ്ത്രം ശേഖരണം - 1st A grade
- ഗണിതശാസ്ത്രം പസിൽസ് - B grade

  നമ്പർ ചാർട്ട് - B grade

ജോമട്രിക്കൽ ചാർട്ട് - B grade

സ്റ്റിൽ മോഡൽ - B grade

ഗണിതമാഗസിൻ - IInd A grade

* ശാസ്ത്രം ശേഖരണം - A grade

  ചാർട്ട് - B grade

  ലഘുപരീക്ഷണം - B grade

3) കുട്ടികളിൽ അച്ചടക്കം, അനുസരണം, ആചാരമര്യാദകൾ ഈശ്വരവിശ്വാസം, വ്യക്തിത്വവികാസം, ശുചിത്വബോധം, പ്രകൃതിസ്നേഹം പൊതുസമൂഹത്തിനു മുൻപിൽ സഭാകമ്പം ഇല്ലാതെ സംസാരിക്കാനുള്ള കഴിവ് എന്നിവ വളർത്താനുള്ള പരിശീലനം നൽകി വരുന്നു.

4) ആധുനിക വിവരസാങ്കേതിക വിദ്യ വിവേകപൂർവം കൈകാര്യം ചെയ്യാനുള്ള കഴിവ് ആർജിച്ചെടുക്കുവാൻ പര്യാപ്തമാക്കുന്നു.

പഠനമികവ് കൈവരുത്തുന്നതിനായി ക്ലാസ്തലത്തിലുള്ള പ്രവർത്തനങ്ങൾ Std. I, II, III, IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
| --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് അതാത് അക്ഷരങ്ങൾ ചേർന്ന വാക്കുകളുടെയും അക്ഷരങ്ങളുടെയും കാർഡ് നൽകി തരംതിരിച്ചു വയ്ക്കാനാവശ്യപ്പെടുന്നു. കണ്ടെത്തുന്ന വാക്കുകൾ ബോർഡിലോ ചാർട്ടിലോ എഴുതിക്കുന്നു | 1 വർഷം | ക്ലാസ്ടീച്ചർ |
| | • ചിത്രം നൽകി കഥ പറയിക്കുന്നു ചിത്രവായനയ്ക്കുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | 1 വർഷം | BRC |
| | • അക്ഷരങ്ങളിൽ ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നു.<br>• ചിത്രങ്ങൾ നൽകി അതുപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | | |
| | • കഥ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | 1 വർഷം | |
| | • അക്ഷരപ്പാട്ടിലൂടെ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു. | 5 മാസം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം | സ്കൂൾ, ലൈബ്രറി |
| | • വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ. | | |
| | • വായനാകാർഡുകൾ നൽകി വായിപ്പിക്കുന്നു. | | |
| | • വായനോത്സവം സംഘടിപ്പിക്കുന്നു. | | ക്ലാസ് ടീച്ചർ |
| | • എല്ലാ ദിവസത്തെയും ക്ലാസ് അസംബ്ലിയിൽ പത്രവായന നടത്തുന്നു. | 1 വർഷം | |
| | • അമ്മ വായന - കുട്ടികളുടെ മാതാക്കളെക്കൂടി ഉൾപ്പെടുത്തി വായനയ്ക്കും അധികവായനയ്ക്കും അവസരം നൽകുന്നു. | | MPTA |
| | • വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ | ഹ്രസ്വം | ക്ലാസ് ടീച്ചർ |
| | • ദിനാചരണങ്ങൾ | | |
| | • വായനാ സാമഗ്രികൾ വികസിപ്പിക്കൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ വായനാക്കുറിപ്പ് എഴുതിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ- ലൈബ്രറി ഇൻ ചാർജ് |
| | • രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. • വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നു. കത്ത്, ഡയറി, സംഭാഷണം. കുറിപ്പ് എന്നിവ എഴുതിക്കുന്നു. • പുസ്തക പരിചയക്കുറിപ്പ്. | 1 വർഷം | |
| 4. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന ഭാഷാപരമായ കഴിവുകളുടെ വികാസം. | • ഭാഷാപരമായ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക. • ദിനാചരണങ്ങൾ • വാങ്മയം, ഭാഷാപരീക്ഷ | 1 വർഷം | BRC ക്ലാസ്ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| 1. സംഖ്യാബോധം ഉറപ്പിക്കുന്നതിന് | • അക്കങ്ങൾ ഉറപ്പിക്കൽ (ഒരക്കം, രണ്ടക്കം, മൂന്നക്കം, നാലക്കസംഖ്യകൾ)<br>• അക്കങ്ങളെഴുതിയ കാർഡ് നൽകി ഉറക്കെ വായിപ്പിക്കൽ, അക്കങ്ങൾ നൽകി സംഖ്യകൾ എഴുതിക്കൽ (നാലക്കസംഖ്യകൾ വരെ) | 3 മാസം | ക്ലാസ് ടീച്ചർ, BRC |
| | • സംഖ്യകളെ വിവിധ രീതികളിൽ വ്യാഖ്യാനിക്കൽ<br>• വിവിധ സംഖ്യകൾകൊണ്ട് നാലക്ക സംഖ്യകൾ വരെ നിർമ്മിച്ച് അവയെ ആരോഹണ അവരോഹണ ക്രമത്തിൽ ക്രമീകരിക്കുക. | 6 മാസം | |
| | • മൂർത്തവസ്തുക്കൾ കൊടുത്ത് എണ്ണിയ്ക്കൽ, എഴുതിയ്ക്കൽ<br>• വിട്ടുപോയ സംഖ്യകൾ പൂരിപ്പിക്കുക.<br>• സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകളെ എഴുതുന്നു.<br>• നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന തനതു പ്രവർത്തനങ്ങൾ | 1 വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| | • സ്ഥാനവില പോക്കറ്റ്<br>• അബാക്കസ്<br>• ഗണിതലാബ്<br>• ഗണിതമാഗസിൻ<br>• ICT സാധ്യത | 1 year | PTA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | ഗണിതകേളികൾ, പാമ്പും കോണിയും, ഡയസുകളി<br>• മൂർത്ത വസ്തുക്കൾ (മുത്ത്, കമ്പുകെട്ട്, മഞ്ചാടി) ഇവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• സങ്കലന, വ്യവകലനക്രിയകൾ<br>• തുല്യമായി വീതിക്കൽ കൂട്ടങ്ങളാക്കൽ പ്രവർത്തനങ്ങൾ<br>• ചോദ്യോത്തരകേളി, കാർഡുകളി.<br>• പ്രായോഗിക പ്രശ്നപരിഹാരണത്തിനുള്ള പ്രവർത്തനങ്ങൾ<br>• ഗണിതവിജയം കിറ്റ്<br>• ICT സാധ്യത | 3 months | BRC<br>ക്ലാസ് ടീച്ചർ |
| ജ്യാമിതീയ രൂപങ്ങൾ | • ചതുരം, ത്രികോണം, വൃത്തം എന്നീ രൂപങ്ങൾ നിർമിച്ച് നിറം നൽകി മനോഹരമാക്കുക.<br>• തീപ്പെട്ടിക്കോല്, ഈർക്കിൽ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ<br>• ICT സാധ്യത | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ചിന്താശേഷി സൃഷ്ടിപരത | • ചിത്രപാറ്റേൺ<br>• മാന്ത്രിക ചതുരം<br>• സുഡോക്കു<br>• ടാൻഗ്രാം ഉപനിർമ്മിക്കുന്നു. | 3 months | ക്ലാസ് ടീച്ചർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | * പ്രകൃതിനടത്തം<br>* പച്ചക്കറിത്തോട്ട നിർമാണം, പരിപാലനം<br>* പോസ്റ്റർ നിർമ്മാണം<br>* ദാഹജല സജ്ജീകരണം<br>* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസിലാക്കുന്നു.<br>* ചർച്ച<br>* ഡോക്യുമെന്ററി പ്രദർശനം പ്രകൃതിക്ക് ദോഷം ചെയ്യുന്ന മനുഷ്യ ഇടപെടലുകൾ<br>* ഫീൽഡ് ട്രിപ്പ്. | 1 year<br><br>ഹ്രസ്വം | PTA<br><br>ക്ലാസ് ടീച്ചർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | - നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ ചെയ്യുക.<br>• പരീക്ഷണ കുറിപ്പ് തയ്യാറാക്കുക.<br>• പ്രോജക്ട് വർക്കുകൾ | 1 year | School PTA |

| Aim | Activities | Duration | |
|---|---|---|---|
| To develop | • Identifying words | | |
| language skills | • Identifying words and comprehending simple passages | 6 months | BRC |
| → Listening | | | |
| → Reading | • Read and understanding the theme of the poem | | PTA |
| → Writing | | | |
| | • Story | | |
| → Speaking | • Different discourses | | Class teacher |
| | • Rhymes | | |
| | • Poems | | |
| | • Pictures | 1 year | |
| | • Dictionary | | |
| | • Conversation | | |
| | • Role play | | SRG |
| | • Diary | | |
| | • Description | | |
| | • Letter | | |
| | • Notice | | |
| | • Project work | | |

# ഉപസംഹാരം

കുറുമ്പനാടം ഹോളിഫാമിലി എൽ.പി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.